"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ - നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി 2015 - 16 - തിരുവനന്തപുരം നിയോജക മണ്ഡലം - പരിസ്ഥിതി സൗഹൃദ ബസ് കത്തിരിപ്പ് കേന്ദ്രങ്ങൾ - നിർവ്വഹണ ചുമതല പൊതുമരാമത്തു വകുപ്പിനെ ഏല്പിച്ച് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

G.O.(Rt)No.237/2021/LSGD തീയതി, തിരുവനന്തപുരം, 29/01/2021

---

പരാമർശം:- 1 27/02/2016 ലെ സ. ഉ. (സാധാ) നമ്പർ: 910/2016/ തസ്വഭവ

2 ബഹു: തിരുവനന്തപുരം എം.എൽ.എ ശ്രീ വി എസ് ശിവകുമാർ അവർകളുടെ 05/11/2020 ലെ 3/TVM - LAC/2020 നമ്പർ കത്ത്.

3 21/01/2021 ലെ സഉ(സാധാ) നമ്പർ: 506/2021/ധന.

**ഉത്തരവ്**

ബഹു: തിരുവനന്തപുരം എം.എൽ.എ ശ്രീ വി എസ് ശിവകുമാർ അവർകളുടെ 2015 - 16 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 79.78 ലക്ഷം രൂപാ ചെലവഴിച്ച് നിയോജക മണ്ഡലത്തിലെ 16 സ്ഥലങ്ങളിൽ പരിസ്ഥിതി സൗഹൃദ ബസ് കത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനു പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിരുന്ന പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് നാല് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി നടപ്പാക്കിയില്ലെന്നും ആയതിനാൽ പൊതുമരാമത്തു വകുപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി ടി പ്രവൃത്തി നിർവ്വഹിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു: തിരുവനന്തപുരം എം.എൽ.എ ശ്രീ വി എസ് ശിവകുമാർ പരാമർശം (2) അഭ്യർത്ഥിച്ചിരുന്നു.

ബഹു: എം.എൽ.എയുടെ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കിയിട്ടില്ലെന്ന് ഉറപ്പു വരുത്തി 2015 - 16 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 79.78 ലക്ഷം രൂപാ ചെലവഴിച്ച് തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 16 സ്ഥലങ്ങളിൽ പരിസ്ഥിതി സൗഹൃദ ബസ് കത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം എന്ന പ്രവൃത്തി പൊതുമരാമത്തു വകുപ്പിന്റെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിന് നിർവ്വഹണ ചുമതല നൽകിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പരാമർശം(3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു: തിരുവനന്തപുരം എം.എൽ.എ ശ്രീ വി എസ് ശിവകുമാർ അവർകളുടെ 2015 - 16 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 79.78 ലക്ഷം രൂപാ ചെലവഴിച്ച് നടപ്പിലാക്കുന്ന "തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 16 സ്ഥലങ്ങളിൽ പരിസ്ഥിതി സൗഹൃദ ബസ് കത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം" എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല പൊതുമരാമത്തു വകുപ്പിനെ ഏല്പിച്ചുകൊണ്ട് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

ഈ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ചെലവുകൾ 4515 - 00 - 800 - 96 Projects Under LAC - ADS(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

ശ്രീ വി എസ് ശിവകുമാർ എം.എൽ.എ (ആമുഖ കത്ത് സഹിതം)

നഗരകാര്യ ഡയറ്കടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ (നോഡൽ സെന്റർ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണവകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ